# നീർത്തടം – ഇനിയും അറിയാത്ത യാഥാർത്ഥ്യം

ഡോ.എ.ലത

"നാലഞ്ച് പരിശീലന ക്ലാസ്സുകൾ കഴിഞ്ഞിട്ടും എന്താണ് നീർത്തടമെന്നും എങ്ങനെയാണ് നീർത്തട വികസനം നടപ്പിലാക്കുകയെന്നും മനസ്സിലാക്കാവുന്ന ഭാഷയിൽ ഞങ്ങൾക്കിനിയും മനസ്സിലായിട്ടില്ല."

പല ഗ്രാമപഞ്ചായത്തുകളിലും നീർത്തട വികസനത്തിന്റെ ആവശ്യകതയെ കുറിച്ച് സംസാരിക്കാൻ പോയപ്പോൾ കേട്ടറിഞ്ഞതാണ് ഈ വാചകങ്ങൾ.

കേരളത്തിലെ പത്താം പഞ്ചവത്സരപദ്ധതി സമഗ്ര നീർത്തടവികസന പദ്ധതിയായിട്ടാണ് അറിയപ്പെടാൻ പോകുന്നത്. കഴിഞ്ഞ രണ്ടു വർഷങ്ങളിലായി അതിനുള്ള പശ്ചാത്തലമൊരുക്കലും തയ്യാറെടുപ്പുകളും നടന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാനതലത്തിൽ ആസൂത്രണബോർഡിന്റെ നേതൃത്വത്തിൽ "നീർത്തടവികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ" എന്ന പേരിൽ ഒരു കൈപുസ്തകം പരിശീലകക്ക് വേണ്ടി സംസ്ഥാന, ജില്ലാ, ബ്ലോക്ക, ഗ്രാമപഞ്ചായത്ത് തലത്തിൽ വിതരണം ചെയ്യുകയുണ്ടായി. നീർത്തടവികസനത്തിൽ പരിശീലനം നേടിയ സംസ്ഥാന ഫാക്കൽറ്റി അംഗങ്ങൾ, ജില്ലാ ബ്ലോക്കുതല നീർത്തട വികസന വിഷയസമിതികൾക്കും പരിശീലനം നൽകുകയുണ്ടായി. അതിനുശേഷം ബ്ലോക്ക് പഞ്ചായത്തുതലത്തിൽ, അതാത് ബ്ലോക്കിലെ നീർത്തടങ്ങളുടെ അടിസ്ഥാന വിവരങ്ങളും പ്രശ്നങ്ങളും അടങ്ങുന്ന ഒരു ബ്ലോക്കുതല 'നീർത്തട അവലോകനരേഖ' തയ്യാറാക്കുകയുണ്ടായി. ലക്ഷങ്ങൾ ചിലവാക്കി ബ്ലോക്കുതല നീർത്തടമാപ്പുകൾ ഇതോടൊപ്പം രൂപപ്പെട്ടു. കൂടാതെ പഞ്ചായത്തുതലത്തിലും ഒരു ലക്ഷത്തിലധികം രൂപ നീക്കിവെച്ച് ഭൂവിനിയോഗ ബോർഡിന്റെ (Land Use Board)ന്റെ സഹായത്തോടെ പഞ്ചായത്ത് തലഭൂവിഭവമാപ്പുകൾ (Panchayath Resource Mapping) ജനകീയമായി തയ്യാറാക്കി. സമഗ്രനീർത്തടാധിഷ്ഠിത വികസനം ലക്ഷ്യമാക്കി, ഡിസംബർ 2000, ജനവരി 2001 മാസങ്ങളിലായി മിക്ക പഞ്ചായത്തുകളിലും ഗ്രാമസഭകൾ നടത്തുകയുണ്ടായി. "സമഗ്ര വികസന ഗ്രാമസഭകൾ" എന്നറിയപ്പെട്ട ഈ ഗ്രാമസഭകളിൽ, അതാത് പഞ്ചായത്തിൽ ഉൾപ്പെട്ട ചെറുനീർത്തടങ്ങളെ (Micro Water sheds), വേർത്തിരിച്ച്, അവയുടെ ഭൂപടങ്ങളും, പ്രശ്നങ്ങളും സാധ്യതകളും ഉൾക്കൊള്ളിക്കുന്ന "ഗ്രാമസഭ നീർത്തടരേഖ" ചർച്ചയ്ക്കു വെച്ചു. പഞ്ചായത്തുതല നീർത്തടമാപ്പുകളും ഇതിനു സഹായകമായി. ഓരോ ഗ്രാമസഭയിൽനിന്നും 6 നീർത്തട കമ്മിറ്റി അംഗങ്ങളെ (Watershed Committee) തിരഞ്ഞെടുക്കുകയും ചെയ്തു. സമഗ്രനീർത്തടവികസനപ്രക്രിയയുടെ ഈ നാലാം ഘട്ടത്തിൽ, ഈ തിരഞ്ഞെടുത്ത നീർത്തട കമ്മിറ്റിഅംഗങ്ങളുടെ പരിശീലനം പല ഗ്രാമപഞ്ചായത്തുകളിലും നടന്നുകൊണ്ടിരിക്കുന്നു.

നീർത്തടാധിഷ്ഠിത സമഗ്ര വികസന പ്രക്രിയയുടെ ഈ നാലാം ഘട്ടത്തിൽ, ആദ്യം സൂചിപ്പിച്ച വാചകങ്ങൾക്ക് പ്രസക്തിയേറുന്നു. കാരണം, ഇത്രയധികം പരിശീലനങ്ങളും, സർവ്വേകളും മാപ്പിംഗുകളും നീർത്തടങ്ങളിലൂടനീളം നടന്നു എന്നവകാശപ്പെടുന്ന സാഹചര്യത്തിൽ, എന്താണ് നീർത്തടമെന്നും, എന്താണ് നീർത്തടവികസനം കൊണ്ടുദ്ദേശിക്കുന്നതെന്നും ഇതിൽ സജീവ പങ്കാളികളാകേണ്ട നാട്ടുകാർക്കും, പല പഞ്ചായത്തു മെമ്പർമാർക്കും, നീർത്തട കമ്മിറ്റിയംഗങ്ങൾക്കും ഇനിയും മനസ്സിലായിട്ടില്ല എന്ന് വ്യക്തം. വെറും സംശയനിവാരണത്തിനപ്പുറം അടിസ്ഥാനപരമായ ഈ കാര്യങ്ങളിൽ വ്യക്തതയുണ്ടാകാതെ, അടുത്ത മൂന്നു മാസത്തിനുള്ളിൽ നീർത്തടവികസന കർമ്മപരിപാടി (Action Plan) കളിലേക്ക്, ഇത്തരം 'പരിശീലനം' ലഭിച്ച കമ്മിറ്റിയംഗങ്ങൾ ഇറങ്ങുമ്പോൾ, മറ്റു പല വികസന മാതൃകകൾ നിലംപതിച്ചപോലെ ഈ വികസന മാതൃകയും കാലിടറി വീഴാനല്ലെ സാധ്യതയുള്ളൂ?

നീർത്തട വികസനവുമായി ബന്ധപ്പെട്ട, "ഉദ്ഗ്രഥനം, സമഗ്രത, പരസ്പരബന്ധം, മുൻപിൻ ബന്ധങ്ങൾ, ഏകോപനം, പ്രകൃതി വിഭവങ്ങളുടെ ആസൂത്രിതമായ വിനിയോഗം" എന്നീ പദങ്ങൾ നീർത്തട രേഖകളിലും, കൈപ്പുസ്തകങ്ങളിലും നിർലോഭം ഉപയോഗിച്ചുകാണുന്നു. പല പരിശീലകരും വളരെ ലാഘവത്തോടെ ഈ പദങ്ങളിൽ കൂടി കടന്നുപോകുന്നതും കാണാം. എന്നാൽ ഈ പദങ്ങൾ, ഒരു കൃഷിക്കാരന്റെയും, വീട്ടമ്മയുടേയോ തലത്തിൽ, അവയുടെ ശരിയായ അർത്ഥത്തിലും ആഴത്തിലും വ്യാപ്തിയിലും അവർ ജീവിക്കുന്ന നീർത്തടവുമായി പ്രായോഗികതലത്തിൽ ബന്ധപ്പെടുത്തി എങ്ങനെ മനസ്സിലാക്കാം എന്നതിനെകുറിച്ച് ആത്മാർത്ഥമായി ചിന്തിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

കഴിഞ്ഞ 50 വർഷത്തിലേറെയായി സർക്കാരിലും ആസൂത്രകരിലും വിശ്വാസമർപ്പിച്ചു എന്ന തെറ്റുകാരണം, അവർ രൂപം കൊടുത്ത പദ്ധതികൾ നടപ്പിലാക്കിയതിന്റെ തിക്ത ഫലങ്ങളാണ് ജനങ്ങൾ ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്നത്. കാരണം, നീർത്തട വികസനം പുതിയൊരാശയമല്ല. പുതിയൊരു കുപ്പായം മാത്രമാണ്. നൂറ്റാണ്ടുകളായി മണ്ണിനും ഭൂപ്രകൃതിയ്ക്കും വിനാശകരമല്ലാത്ത കൃഷിരീതികൾ അവലംബിച്ചും, ജലത്തിന്റെ മൂല്യം മനസ്സിലാക്കി, സ്വാഭാവികത നഷ്ടപ്പെടുത്താതെ, ഉപയോഗം നടത്തിയും മനുഷ്യർ ഈ നാട്ടിൽ ജീവിച്ചിരുന്നു. അവരുടെ മനസ്സിൽ നീർത്തടങ്ങൾ ഉണ്ടായിരുന്നു. അടിസ്ഥാന വിഭവങ്ങളായ മണ്ണ്, കാട്, ജലം, ജൈവസമ്പത്ത്, വിത്ത് എന്നിവ ഇതേ നാട്ടുകാരുടെ കൈയ്യിൽ നിന്നും നിയമങ്ങളുടെ മറവിൽ തട്ടിയെടുത്ത്, കേന്ദ്രീകൃത അധികാര പരിധിക്കുള്ളിൽ കൊണ്ടുവന്ന്, ഡിപ്പാർട്ടുമെന്റുകൾക്കുള്ളിൽ കുരുക്കി, അവരുടെ സ്വയംപര്യാപ്തതയും, വിഭവങ്ങൾ കൂട്ടായ്മയോടെ കാര്യക്ഷമമായി വിനിയോഗിക്കാനുള്ള കഴിവും അധികാരവും ആസൂത്രകർ ഇല്ലാതാക്കി. വിഭവശോഷണവും വിഭവമോഷണവും കഴിഞ്ഞപ്പോൾ വെട്ടിമുടിക്കാൻ ഇനി കാടും ബാക്കിയില്ല, കുടിക്കാൻ ശുദ്ധജലവുമില്ല, വളക്കൂറുള്ള ജീവനുള്ള മണ്ണും ബാക്കിവെച്ചില്ല. ഇനി ഇവയെല്ലാം തിരിച്ചുകൊണ്ടുവരാനുള്ള ഉത്തരവാദിത്വം വീണ്ടും ജനങ്ങൾക്ക് - നീർത്തടാധിഷ്ഠിത വികസനത്തിന്റെ രൂപത്തിൽ.

എന്താണ് നീർത്തടമെന്നും എന്താണ് നീർത്തടവികസനം കൊണ്ടുദ്ദേശിക്കുന്നതെന്നും അതുകൊണ്ടുതന്നെ പുതിയൊരു പശ്ചാത്തലത്തിൽ നാട്ടുകാർക്ക് മനസ്സിലാക്കിക്കൊടുക്കാനുള്ള ഉത്തരവാദിത്വത്തിൽനിന്നും ബന്ധപ്പെട്ടവർക്ക് ഒഴിയാനാവില്ല. രണ്ടു കാലും മണ്ണിലുറപ്പിച്ച് നാട്ടുകാരുടെകൂടെ ഈ പുതിയ വികസന പ്രക്രിയയിൽ കൂട്ടുത്തരവാദിത്വത്തോടെ പങ്കാളിയാകുകയേ വഴിയുള്ളൂ.

..............(തുടരും)